(ഡി) പ്രസ്തുത കേസിൽ അന്വേഷണ ഉദ്യോഗസ്ഥരെ സമ്മർദ്ദത്തിലാക്കുന്നതായി ഏതെല്ലാം ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) അന്വേഷണ ഏജൻസിയുടെ മുമ്പാകെ സത്യം പറയാതിരിക്കാൻ ബാറുടമകളുടെ മേൽ ഭരണതലത്തിലുള്ളവരുടെ സമ്മർദ്ദം ഉണ്ടായതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) കേസ്സിന്റെ അന്വേഷണം പുരോഗതിയിലാണ്. ടി കേസ്സിന്റെ അന്വേഷണം ഉറന്ന മനസ്സോടെയും വസ്തുനിഷ്ഠമായുമാണ് നടത്തുന്നത്.

(ബി) ഉണ്ട്. സത്യസന്ധമായും വസ്തുനിഷ്ഠമായും, ഭയമോ ഭീതിയോ കൂടാതെയുമാണ് അന്വേഷണം നടത്തുന്നത്.

(സി) നിഷ്പക്ഷമായും സത്യസന്ധമായും കേസ് അന്വേഷിച്ചു വരുന്നു. കേസ്സന്വേഷണത്തിൽ യാതൊരുവിധ സ്വാധീനമോ ഇടപെടലോ ഇല്ല.

(ഡി) അത്തരം ആക്ഷേപമൊന്നുമില്ല. കേസ്സന്വേഷണം യാതൊരുവിധ സമ്മർദ്ദത്തിനോ ബാഹ്യ ഇടപെടലിനോ അവസരം നൽകാതെയാണ് നടത്തുന്നത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്ത്രീ സുരക്ഷയ്ക്കായി നിയമനിർമ്മാണം

22(*22) ശ്രീ. വർക്കല കഹാർ :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ സുരക്ഷയ്ക്കായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം ശിക്ഷാനടപടികളാണ് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത്;

(ഡി) ഇത് സംബന്ധിച്ച നിയമനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദാംശം സഹിതം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ-ഡി) ഉണ്ട്. സംസ്ഥാനത്ത് പൊതുവേ സ്ത്രീകൾക്കുനേരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗാർഹികവും സമൂഹത്തിന്റെ മറ്റുതലങ്ങളിൽ നിന്നുമുള്ള അക്രമ പ്രവർത്തനങ്ങളും, സ്വകാര്യതയ്ക്കും അന്തസ്സിനും ഭംഗം വരുത്തുന്ന തരത്തിലുള്ള മറ്റു പെരുമാറ്റങ്ങളും സ്ത്രീകളുടെ സ്വകാര്യതയ്ക്കും അന്തസ്സിനും പ്രത്യേക സംരക്ഷണം നൽകുന്നതിനുള്ള ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ശക്തമായ ആവശ്യമായതിനാൽ ഇത്തരത്തിൽ ഒരു നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിക്കുകയും 2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ 13-ാം കേരള നിയമസഭയിൽ ബിൽ നമ്പർ 183 ആയി പ്രസിദ്ധീകരിക്കുകയും 7-ാം സമ്മേളനത്തിൽ 14-2-2013-ൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ളതും ബിൽ ഇപ്പോൾ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയിലുമാണ്.

സേവനാവകാശ നിയമം

23(*23) ശ്രീ. ലൂഡി ലൂയിസ്:

ശ്രീ. ടി. എൻ. പ്രതാപൻ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനാവകാശ നിയമം നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകളിലാണ് പ്രസ്തുത നിയമം നടപ്പാക്കിയിട്ടുള്ളത്;

(സി) എല്ലാ വകുപ്പുകളിലും പ്രസ്തുത നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത നിയമത്തിന്റെ നടപ്പാക്കൽ സമയബന്ധിതമായി പൂർത്തിയാക്കുമോ;

(ഇ) സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനും, കൂടുതൽ മേഖലകൾ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നവംബർ 1-ാം തീയതി നിലവിൽ വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly